GEOJIT
PEOPLE YOU PROSPER WITH

23.10.2025

To,	**To,**
The Manager,	**The Manager,**
Listing Department,	**Listing Department,**
National Stock Exchange of India Limited,	**BSE Limited,**
'Exchange Plaza', C-1, Block – G,	**Phiroze Jeejeebhoy Towers,**
Bandra-Kurla Complex,	**Dalal Street,**
Bandra (E), Mumbai – 400 051	**Mumbai – 400 001.**
Ph. No. 022-26598100	**Ph. No.022 22721233**
Scrip Code : GEOJITFSL - EQ	**Scrip Code : 532285**

Dear Sir/Madam,

Sub: Newspaper Advertisement dated 22.10.2025 – Financial Results for the quarter and half-year ended 30.09.2025.

Pursuant to Regulation 47 of SEBI (Listing Obligations and Disclosure Requirements) Regulations, 2015, please find enclosed herewith copy of the newspaper advertisements of un-audited financial results for the quarter and half year ended 30th September 2025 published in an English and Malayalam newspapers.

This is for your information and records.

Thanking You,
For Geojit Financial Services Limited

Liju K Johnson
Company Secretary

GEOJIT FINANCIAL SERVICES LTD. KOCHI-24

QUICKLY.

PNB expects ₹1,500 crore from treasury income

New Delhi: State-owned Punjab National Bank (PNB) expects about ₹1,500 crore in treasury income during the third quarter and an improvement in margins. During the first two quarters, the bank booked treasury income of ₹1,800 crore and expects ₹1,500 crore during the ongoing quarter, said PNB MD and CEO Ashok Chandra. On the margin, he said repricing of deposits had already started, and NIM would see improvement in the second half. On a conservative basis, he said the bank will see a 5 basis points improvement in NIM in Q3 and a 10 basis points increase in Q4. The bank has given the guidance of Net Interest Margin of 2.8-2.9 per cent in FY26. For Q2, PNB reported a 14 per cent rise in net profit at ₹4,904 crore. PTI

Goldman Sachs expands team in Saudi Arabia



Dubai: Goldman Sachs is setting up a private wealth management team in Saudi Arabia, it said on Tuesday, as it boosts its offer to West Asia to serve a growing number of high net worth individuals in the region. In May last year, the US bank obtained a licence to set up its regional head quarters in Riyadh, where it has had an office since 2008, and the wealth management team will extend the office's capabilities. REUTERS

'Structural reforms cushion the impact of weak external demand'

GOING STRONG. High-frequency indicators point to resilient domestic economy: RBI

Our Bureau
Mumbai

ROCK SOLID. Urban demand is showing signs of revival, while rural demand remains robust

While the Indian economy is not immune to global headwinds, it has so far exhibited resilience, driven by a focus on strong and durable macroeconomic fundamentals, according to RBI staffers' observations in the *State of the Economy* study published in the central bank's monthly bulletin.

ECONOMIC RESILIENCE

They attributed the economy's resilience amid broader global uncertainty and weak external demand to factors such as low inflation, robust balance sheets of banks and corporates, adequate foreign exchange reserves and a credible monetary and fiscal framework.

"Trade tensions have started to simmer yet again. In the context of rising protectionism in the US and rising fiscal risks in advanced economies, IMF's October World Economic Outlook talks about a new global economic landscape slowly taking shape. The state of flux of the global economy and policies present considerable uncertainties to the macroeconomic outlook," said the staffers.

They underscore that domestic structural reforms are helping to somewhat offset the drag on growth from the weakening external demand conditions.

Despite the external sector headwinds, the International Monetary Fund (IMF), Organisation for Economic Cooperation and Development (OECD) and World Bank (WB) have revised upwards India's growth forecast for the current financial year, underscoring the continued momentum in domestic demand.

GROWTH FORECAST

The IMF and WB have revised India's growth forecast upwards by 20 basis points each to 6.6 per cent (from 6.4 per cent) and to 6.5 per cent (from 6.3 per cent).

The OECD has upped India's growth forecast by 40 bps, from 6.3 per cent, to 6.7 per cent.

The RBI staffers observed that high-frequency indicators point to resilient domestic economic activity, with signs of revival in urban demand and robust rural demand.

MANUFACTURING

They noted that the available high-frequency indicators (including GST e-way bills, GST revenue, toll collection, electricity demand, petroleum consumption, digital payments, domestic air passenger traffic, retail passenger vehicle sales, retail automobile sales, retail tractor and two-wheeler sales) for September suggest robust manufacturing activity.

Core sector growth slowed to 3% in Sept

Our Bureau
New Delhi

Core sector growth rate, based on performance of eight key infrastructure, was 3 per cent in September compared to 6.5 per cent in August.

"The production of steel, cement, electricity and fertilizer recorded positive growth in September," said the Commerce & Industry Ministry. Output growth of core sectors was 2.4 per cent in September last year. The growth rate has implications for the country's Index of Industrial Production as these industries account for 40.27 per cent of the weight of items included in the index.

In September, these eight sectors recorded the lowest growth in the last three months due to a fall in the output of coal, crude oil, refinery products and natural gas. Growth rate in the production of fertiliser and cement slowed to 1.6 per cent and 5.3 per cent during the month under review against 1.9 per cent and 7.6 per cent.

RBI warns of dumping threat from China, Japan as cheap steel imports rise

Our Bureau
Mumbai

The indiscriminate import of steel into the country has put pressure on prices and hit the market share of domestic steel producers.

Due to increased imports and competitive pricing from major steel-producing countries, the steel industry has encountered challenges. These factors have affected the domestic market share, lowered capacity utilisation and added pressure on domestic producers, according to the RBI report, *Steel Under Siege: Understanding the Impact of Dumping on India.*

The report said the pricing strategies of exporting nations remain a concern for the steel industry. Addressing these challenges calls for a balanced approach, including policy support and initiatives, to enhance the competitiveness of India's steel production through innovation, cost efficiency and sustainable practices.

DEMAND RISES

India is a major consumer of finished steel, with consumption demand scaling new heights recently. Steel-intensive construction and infrastructure development in India are the key contributors to the rising demand for steel.

In the last two fiscals, India's steel consumption grew over 13 per cent and 11.5 per cent, while domestic steel production grew 9.3 per cent and 12.5 per cent in the same period. It said high consumption growth was facilitated through cheaper imports.

The moderate price in the global market and excess capacity across major steel-producing countries, such as China, Japan and Vietnam, led to the dumping of cheap steel, which dampened domestic steel production.

India is a major consumer of finished steel, with consumption demand scaling new heights recently

With sluggish economic growth anticipated in China and other major steel-producing and consuming regions, cross-border steel trade is increasingly being redirected towards high-growth markets such as India. Further, the US imposition of new tariffs on steel imports enhances the threat of dumping.

The surge in imports has been primarily fuelled by lower steel import prices, which have adversely impacted domestic steel production. Higher imports at a cheaper price reduce the demand for domestically produced steel, thereby moderating its domestic price.

India's iron and steel imports increased by 11 per cent in the first half of FY25 and contracted in the second half of the last fiscal year, mainly due to safeguard duties. India imports nearly 45 per cent of steel from the top five destinations: the Republic of Korea (import share 15 per cent), China (10 per cent), US (8 per cent), Japan (7 per cent), and UK (6 per cent). Imports increased from China, Japan, South Korea, Indonesia and Vietnam in FY25.

'Stop purchase of private banks by foreign companies'

Our Bureau
Mumbai

The gradual 'foreignerisation' of Indian private sector banks is a dangerous proposition and fraught with risks as depositors' money will be at stake, cautioned the All India Bank Officers' Association (AIBOA).

Referring to the proposed move by Emirates NBD to acquire a controlling stake in RBL Bank through a primary infusion of approximately \$3 billion (₹26,850 crore), S Nagarajan, General Secretary, AIBOA, said: "Given that the banking system has stood the test of time, amid adverse global developments, in the past as well as now, the RBI should not allow ENBD to acquire a majority stake in RBL Bank."

FOREIGN TAKEOVER

Though the voting rights in a private sector bank are, as on date, capped at 26 per cent, he feared that the rules may be tweaked to enable foreign entities a bigger play in the Indian financial system.

In this regard, Nagarajan cited the example of how the British East India Company came into India as a trading company in 1600 and gradually helped the British empire to take control of the country by mid-1700s.

UP IN ARMS. AIBOA has opposed the move by Emirates NBD to acquire a controlling stake in RBL Bank

Nagarajan noted that the sale of Indian banks to foreigners began with FIH Mauritius Investments Ltd (a subsidiary of Canada-based Fairfax India Holdings Corporation) acquiring a majority stake in Catholic Syrian Bank (later re-christened CSB Bank), Lakshmi Vilas Bank being taken over by Singapore's DBS Bank and Japan's Sumitomo Mitsui Banking Corporation becoming the single biggest shareholder in Yes Bank.

Nagarajan said: "AIBOA will strive its best to halt the foreign acquisition of the Indian banking system in all forms. We will be taking up this matter with all concerned, including the RBI and Finance Ministry. We appeal to the public at large as well as citizens of Western Maharashtra to extend their whole hearted support to us in our organisational actions."

We expect to go public in 2-3 years: PayNearby CEO

bl.interview

Piyush Shukla
Mumbai

PayNearby, which runs a network of business correspondents (BCs) and recently launched its mobile app for UPI transactions, is aiming to conduct an initial public offering (IPO) over the next 2-3 years, said its Founder, MD & CEO Anand Kumar Bajaj. He spoke about the business guidance for the current fiscal and the products in the pipeline. *Edited excerpts:*

> Everyone has gunpowder. We said we won't burn and earn, we would rather earn and burn
>
> **ANAND KUMAR BAJAJ**
> MD and CEO, PayNearby

What is the timeline you are looking at for an IPO?

We are looking at it 2-3 years ahead. We did our preparation and realised that our house is already in order in terms of governance, compliance, the notes that are required to be submitted and the other documents. So, we want to understand the market a little more for IPO.

Broadly, you can assume us hitting public markets in FY27-28. In this process, in this we are also looking at certain acquisitions within the same industry, especially from the technology side.

What was the throughput last year and guidance for the current fiscal?

Our revenue stood at ₹350 crore last fiscal, EBITDA was ₹20 crore and gross throughput was ₹75,000 crore. We aim to grow throughput by about 12-12.5 per cent compared to past year. This is largely because a good network has been created, services have started to be relayed and credibility has been created. So, more and more retailers, local agents and partners are being onboarded.

How many BCs do you currently work with, and what are the new products in pipeline?

During the first nine years of our operations, we built good technology, credibility and a network of retailers through which we delivered the product to India profitably. This is beyond the 10 per cent digitally savvy India where we are taking our services. Now, during the interphase, we realised that shops are one medium to reach the masses.

The other medium was women, and four years ago, we conducted research in association with Reserve Bank Innovation Hub, got our findings validated from Ashoka University, and then launched an app specifically for women retailers or BC agents. We also realised that India is using UPI for 30 crore people, and 60 crore people in Mass Bharat are still deprived. We saw an opportunity, worked with NPCI and then launched PayNearby Saathi app (third party application provider). This will further contribute to onboarding masses on UPI. We have further launched Fixed Deposit and recurring deposits on our app. We also provide assisted lending through DaaS (Distribution as a Service)...

Overall, we have onboarded over 1.2 million retailers (BCs) and 1.5 lakh women retailers... Our retailers can make between ₹250 and ₹15,000 a month. A retailer who has an earning of ₹250 a day also benefits from the footfall of their existing customers in their shops.

Are you late to launch a third party app for UPI?

We are not at all behind on this. The best part is that we have found the broken pieces. Recently, NPCI, along with UIDAI, enabled a very good module under which you can activate UPI via face authentication very easily. We are just configuring our app.

The best way to reach people beyond metros is through the local shopkeeper. So, those shopkeepers are actually our gig partners. They will be onboarding our customers on the app; so, we don't have to spend large amount of money for advertising. Many people burn and earn, and we know how much money they are making. Everyone has gunpowder. We said we won't burn and earn, we would rather earn and burn. This app is like a child and it was born recently. There is an opportunity to cross-sell and up-sell. We have rolled out multiple banks' FD. UpSwing is our partner and they brought 10 banks. We have integrated mutual funds into it, which is also AI-based. So, you won't get a biased distributor to sell it and individuals are advised based on their limited requirements.

RBI sold \$7.7 b in August to check rupee volatility

Press Trust of India
Mumbai

The RBI sold \$7.7 billion in August to check exchange rate volatility and to arrest the decline in value of the rupee against dollar. The RBI's net sale of US dollars was at \$7.69 billion in August, nearly three times higher than in the preceding month, according to the data on sale/purchase of US dollars. The RBI did not purchase US dollars in July and August. The RBI does not target any level or band for the rupee-dollar exchange rate, but intervenes only when there is excessive volatility.

ലഡാക് ചർച്ച നാളെ ഡൽഹിയിൽ

ന്യൂഡൽഹി: കേന്ദ്ര സർക്കാരും ലഡാക്ക് പ്രതിനിധി സംഘവും തമ്മിലുള്ള നിർണായക ചർച്ചകൾ നാളെ ഡൽഹിയിൽ പുനരാരംഭിക്കും. ലേ അപെക്സ് ബോഡി(എൽ.എ.ബി), കാർഗിൽ ഡെമോക്രാറ്റിക് അലയൻസ്(കെ.ഡി.എ), മുഹമ്മദ് ഹനീഫ എം.പി, എന്നിവരാണ് ലഡാക്കിനെ പ്രതിനിധീകരിക്കുന്നത്. ലഡാക്കിന് സംസ്ഥാന പദവി, ആറാം ഷെഡ്യൂളിന് കീഴിലുള്ള സുരക്ഷാ സംവിധാനങ്ങൾ എന്നീ ആവശ്യങ്ങളാണ് സംഘടനകൾ ഉന്നയിക്കുന്നത്.

സെപ്തംബർ 24ന് ലഡാക്കിൽ നടന്ന പ്രതിഷേധത്തിനിടെ നാല് പേർ കൊല്ലപ്പെട്ടതിനെ തുടർന്ന് ഈമാസം 6ന് നടക്കാനിരുന്ന ചർച്ച സംഘടനകൾ ബഹിഷ്കരിച്ചിരുന്നു.

യെമൻ തീരത്ത് കപ്പലിൽ സ്ഫോടനം

സനാ: യെമൻ തീരത്ത് വച്ച് പൊട്ടിത്തെറിയുണ്ടായ കപ്പലിൽ നിന്ന് ജീവനക്കാരായ 23 ഇന്ത്യക്കാരെയും യുക്രെയിൻ പൗരനെയും രക്ഷപെടുത്തി. രണ്ട് ഇന്ത്യക്കാരെ കാണാതായി. ശനിയാഴ്ച ഇന്ത്യൻ സമയം ഉച്ചയ്ക്ക് 12.30ന് ഏദൻ തീരത്തിന് സമീപത്ത് വച്ചാണ് കാമറൂൺ പതാക വഹിക്കുന്ന എം.വി ഫാൽക്കൺ എന്ന എൽ.പി.ജി ടാങ്കറിൽ സ്ഫോടനമുണ്ടായത്. ഒമാനിലെ സൊഹാർ പോർട്ടിൽ നിന്ന് ജിബൂട്ടിയിലേക്ക് പോവുകയായിരുന്ന കപ്പൽ ഏദനിൽ നിന്ന് 113 നോട്ടിക്കൽ മൈൽ അകലെ തെക്കു കിഴക്കൻ ദിശയിലൂടെ നീങ്ങുകയായിരുന്നു. കപ്പലിന്റെ 15ശതമാനം ഭാഗത്തേക്കും തീപടർന്നു.

മലപ്പുറത്തെ സാമൂഹിക സത്യം ഇനിയും പറയും: വെള്ളാപ്പള്ളി

കൊല്ലം: എത്ര ആക്രമിച്ചാലും മലപ്പുറത്തെ സാമൂഹിക സത്യം ഇനിയും തുറന്നുപറയുമെന്ന് എസ്.എൻ.ഡി.പി യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ പറഞ്ഞു. കുണ്ടറ, ചാത്തന്നൂർ, കുന്നത്തൂർ യൂണിയനുകളുടെ നേതൃത്വത്തിൽ കുണ്ടറയിൽ സംഘടിപ്പിച്ച ശാഖാനേതൃസംഗമത്തിൽ അദ്ധ്യക്ഷപ്രസംഗം നടത്തുകയായിരുന്നു അദ്ദേഹം.

'ശ്രീനാരായണ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റി കൊല്ലത്ത് ആരംഭിച്ചപ്പോൾ ഗുരുവിന്റെ ചിത്രംപോലും കാണാത്ത ഇസ്ലാംമതവിശ്വാസിയെ ദുബായിൽനിന്നുകൊണ്ടുവന്ന് വൈസ് ചാൻസലറാക്കി. അത് ശരിയായില്ലെന്ന് ഞാൻ പറഞ്ഞു. ഇടതുപക്ഷത്തെയാണ് ഞാൻ വിമർശിച്ചത്. എന്നാൽ, ഇടതുമുന്നണിയിലെ ഒരു പാർട്ടിയും മിണ്ടിയില്ല. എനിക്കെതിരെ രംഗത്തുവന്നത് ലീഗ് നേതാവ് കുഞ്ഞാലിക്കുട്ടിയാണ്. അവരുടെ പോഷകസംഘടനകളും കൂട്ടത്തോടെ ആക്രമിച്ചു. കാന്തപുരവും എന്നെ വെറുതെവിട്ടില്ല. കുഞ്ഞാലിക്കുട്ടിക്കും പോഷക സംഘടനകൾക്കും സമുദായ ബോധം കാട്ടാം. ഞാൻ സമുദായത്തിന്റെ കാര്യം പറയുമ്പോൾ ജാതിയുടെ വിഷം തുപ്പുന്നുവെന്ന് പറയുന്നത് എന്ത് നീതിയാണ്?

ഇടതും വലതും കൂടി രാജ്യസഭാംഗങ്ങളെ നോമിനേറ്റ് ചെയ്തപ്പോൾ ഏഴ് പേർ ന്യൂനപക്ഷവും രണ്ടു പേർ നായർ സമുദായക്കാരുമായിരുന്നു. പിന്നാക്കക്കാരെ പരിഗണിച്ചതേയില്ല. അത് ചൂണ്ടിക്കാട്ടിയപ്പോൾ മുസ്ലീംലീഗ് എനിക്കെതിരെ രംഗത്തെത്തി. അവർ വോട്ട് ബാങ്കാണ്. അവർക്കെതിരെ മറ്റാരും ഒന്നും പറയാറില്ല. ശബരിമലയിലെ സ്വർണമോഷണത്തിൽ മന്ത്രിയെ കുറ്റം പറയുന്നതിൽ കാര്യമില്ല. ഭരണസംവിധാനം മാറാതെ ഒരു മാറ്റവും ഉണ്ടാകില്ല. ഈഴവർ ദേവസ്വം മന്ത്രിയായത് കൊണ്ടാണ് അദ്ദേഹത്തെ തേക്കാനുള്ള ശ്രമങ്ങൾ നടക്കുന്നതെന്നും വെള്ളാപ്പള്ളി പറഞ്ഞു.

യോഗം വൈസ് പ്രസിഡന്റ് തുഷാർ വെള്ളാപ്പള്ളി സംഘടനാവിശദീകരണവും യോഗം ദേവസ്വം സെക്രട്ടറി അരയക്കണ്ടി സന്തോഷ് സംഘടനാസന്ദേശവും നൽകി. യോഗം കൗൺസിലർ പി. സുന്ദരൻ, ചാത്തന്നൂർ യൂണിയൻ പ്രസിഡന്റ് ബി.ബി. ഗോപകുമാർ, കുണ്ടറ യൂണിയൻ സെക്രട്ടറി അഡ്വ. എസ്. അനിൽകുമാർ, ചാത്തന്നൂർ യൂണിയൻ സെക്രട്ടറി കെ. വിജയകുമാർ, കുന്നത്തൂർ യൂണിയൻ സെക്രട്ടറി റാം മനോജ്, കുന്നത്തൂർ യൂണിയൻ പ്രസിഡന്റ് ഡോ. ജി. ജയദേവൻ സ്വാഗതവും കുന്നത്തൂർ യൂണിയൻ പ്രസിഡന്റ് ആർ. ശ്രീകുമാർ നന്ദിയും പറഞ്ഞു.


എസ്.എൻ.ഡി.പി യോഗം കുണ്ടറ, ചാത്തന്നൂർ, കുന്നത്തൂർ യൂണിയനുകളിലെ ശാഖാ നേതൃത്വ സംഗമത്തിന് യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ ഭദ്രദീപം തെളിക്കുന്നു. കുണ്ടറ യൂണിയൻ പ്രസിഡന്റ് ഡോ.ജി. ജയദേവൻ, സെക്രട്ടറി അഡ്വ. എസ്. അനിൽകുമാർ, യോഗം കൗൺസിലർ പി. സുന്ദരൻ, ചാത്തന്നൂർ യൂണിയൻ പ്രസിഡന്റ് ബി.ബി. ഗോപകുമാർ, സെക്രട്ടറി കെ. വിജയകുമാർ, കുന്നത്തൂർ യൂണിയൻ പ്രസിഡന്റ് ആർ. ശ്രീകുമാർ, സെക്രട്ടറി റാം മനോജ് തുടങ്ങിയവർ സമീപം

മന്ത്രി ഗണേശൻ പണം മോഹിക്കുന്ന രാഷ്ട്രീയ കോമരം: വെള്ളാപ്പള്ളി

കൊല്ലം: കതികാൽവെട്ടി പണം മാത്രം മോഹിച്ചുനടക്കുന്ന രാഷ്ട്രീയ കോമരമാണ് മന്ത്രി കെ.ബി.ഗണേഷ് കുമാറെന്ന് വെള്ളാപ്പള്ളി നടേശൻ പറഞ്ഞു. കൊട്ടാരക്കരയിൽ യോഗം കൊട്ടാരക്കര, കടയ്ക്കൽ യൂണിയനുകളിലെ ശാഖാ നേതൃസംഗമത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഗണേശനെന്ന് വിളിച്ചാൽ പുണ്യം കിട്ടുമെന്നാണ് വിശ്വാസം. അഭിനവ ഗണേശനെ വിളിച്ചാൽ ദൈവം ശിക്ഷിക്കുമെന്നുറപ്പാണ്.

പാവംപിടിച്ച ഉമ്മൻചാണ്ടിക്കെതിരെ സരിതയെ ഇറക്കി കളിച്ചതിന്റെ കൂലിയല്ലേ കിട്ടിയ സൗഭാഗ്യങ്ങൾ. അതിന്റെ ദൈവശിക്ഷ എവിടെച്ചെന്നവസാനിക്കും? എത്ര ഭാര്യമാരാണ് അയാൾക്ക്. നമ്മുടെ സംസ്കാരമാണോ അത്. കണ്ടവന്റെ സ്വത്തുകളിലാണ് അയാളുടെ കണ്ണ്. സിനിമാനടിയുടെ സ്വത്തുക്കൾ മുഴുവൻ മുക്കി. സമ്പത്തിനുവേണ്ടി പെങ്ങളെയായാലും അളിയനെയായാലും തള്ളിപ്പറയും. അയാൾ ഉറഞ്ഞുതുള്ളുമ്പോൾ നമ്മൾ മിണ്ടാപ്രാണികളായി ഇരിക്കണോ? നമ്മുടെ വായ് മൂടിക്കെട്ടാൻ ശ്രമിച്ചാൽ നടക്കില്ല. അച്ഛനും മകനും മാത്രമുണ്ടായിരുന്ന ഒറ്റപ്പാർട്ടിയുടെ നേതാവാണ്. ആർ.ശങ്കറെ വേട്ടയാടിയത് ഗണേശന്റെ അച്ഛനെപ്പോലെയുള്ള ജാതിക്കോമരങ്ങളാണ്. ഈഴവവിഭാഗം വെറുതെ കളഞ്ഞെന്നാണ് ചിലതമ്പ്രാൻമാരുടെ വിചാരം. പെണ്ണുകൊട്ടുകാരനെ ഉടുക്കാക്കൊട്ടി പേടിപ്പിക്കാൻ നോക്കേണ്ട. അധികാരവും അവകാശങ്ങളും ഈഴവനും അർഹതപ്പെട്ടതാണ്. അത് ചോദിച്ചുവാങ്ങുകതന്നെ ചെയ്യുമെന്നും വെള്ളാപ്പള്ളി പറഞ്ഞു.

യോഗം വൈസ് പ്രസിഡന്റ് തുഷാർ വെള്ളാപ്പള്ളി സംഘടനാസന്ദേശവും ദേവസ്വം സെക്രട്ടറി അരയക്കണ്ടി സന്തോഷ് സംഘടനാ സന്ദേശവും അവതരിപ്പിച്ചു.

സമരത്തിനൊരുങ്ങി കർഷകർ

നെൽവിലയും സംഭരണ നയവും പ്രഖ്യാപിച്ചില്ല

ദീപു.ആർ

ആലപ്പുഴ: സീസണിലെ ഒന്നാം വിളയുടെ നെല്ല് സംഭരണത്തിനുള്ള കർഷക രജിസ്ട്രേഷൻ അവസാന ഘട്ടത്തിലേക്ക് നീങ്ങുമ്പോഴും പുതുക്കിയ സംഭരണ വിലയോ, നയമോ പ്രഖ്യാപിക്കാതെ സർക്കാർ. ഇതിൽ പ്രതിഷേധിച്ച് സമരത്തിനൊരുങ്ങുകയാണ് കർഷകർ. ആഗസ്റ്റിലാണ് സംഭരണത്തിനുള്ള രജിസ്ട്രേഷൻ സപ്ലൈകോ ആരംഭിച്ചത്. വിളവെടുപ്പ് ആരംഭിക്കുകയും ചെയ്തു. എന്നിട്ടും, സപ്ലൈകോയും കൃഷി വകുപ്പും മൗനം പാലിക്കുകയാണ്.

കൂലി വർദ്ധന നടപ്പായതോടെ ഉൽപ്പാദന ചെലവ് കൂടിയിട്ടുണ്ട്. നെല്ലിന് കിലോയ്ക്ക് 69 പൈസയാണ് കഴിഞ്ഞ വർഷം കേന്ദ്രം വർദ്ധിപ്പിച്ചത്. അതനുസരിച്ച് ഇത്തവണ കേന്ദ്ര വിഹിതമായി 23.69 പൈസയും നിലവിലെ സംസ്ഥാനത്തെ പ്രോത്സാഹന ബോണസായ 5.20 പൈസയും ചേർത്ത് 28.89 പൈസയെങ്കിലും ലഭിക്കണം.

കേന്ദ്രവർദ്ധന നടപ്പാക്കുന്നതിലോ പ്രോത്സാഹന ബോണസ് വർദ്ധിപ്പിക്കുന്നതിലോ സംസ്ഥാനം നയം വ്യക്തമാക്കിയിട്ടില്ല.

അതേസമയം, സംഭരണവുമായി ബന്ധപ്പെട്ട് മുമ്പില്ലാത്തവിധം കർശന നിബന്ധനകൾ സപ്ലൈകോ ഉൾപ്പെടുത്തുകയും ചെയ്തു. കേന്ദ്രം തുക വർദ്ധിപ്പിക്കുന്നതനുസരിച്ച് പ്രൊഡക്ഷൻ ഇൻസന്റീവ് വെട്ടിക്കുറയ്ക്കുന്ന സംസ്ഥാനത്തിന്റെ കീഴ്‌വഴക്കമാണ് ഉയർന്ന വില ലഭിക്കുന്നതിന് തടസമായത്.

നെല്ല് സംഭരിച്ചാൽ 48 മണിക്കൂറിനകം പണം നൽകണമെന്നാണ് 2019 ൽ കേന്ദ്ര- സംസ്ഥാന സർക്കാരുകൾ അംഗീകരിച്ച ധാരണപത്രമെങ്കിലും നാളിതുവരെ നടപ്പായിട്ടില്ല.

KAUMUDI SPECIAL

നെല്ല് സംഭരണം

(ഒന്നാം വിള രജിസ്ട്രേഷൻ)

കർഷകർ	-	21,589
വിസ്തൃതി	-	35,335 ഹെക്ടർ

"നെൽവില വർദ്ധിപ്പിക്കാനോ, നയം പ്രഖ്യാപിക്കാനോ സർക്കാർ തയ്യാറാകാത്തതിനെതിരെ 29ന് ആലപ്പുഴയിൽ സമരം സംഘടിപ്പിക്കും.
- സോണിച്ചൻ പുളിങ്കുന്ന്, സെക്രട്ടറി, നെൽകർഷക സംരക്ഷണ സമിതി

ഓല സ്ഥാപകനടക്കം 2 പേർക്കെതിരെ കേസ്

ബംഗളൂരു: ഓല ഇലക്ട്രിക്കിലെ എൻജിനിയർ ആത്മഹത്യചെയ്ത സംഭവത്തിൽ കമ്പനി സ്ഥാപകൻ ഭവിഷ് അഗർവാൾ അടക്കം രണ്ടുപേർക്കെതിരെ കേസെടുത്ത് പൊലീസ്. 2022 മുതൽ ഓലയിൽ ഹോമോലോഗേഷൻ എൻജിനിയറായി ജോലി ചെയ്തിരുന്ന കെ. അരവിന്ദിനെ (38) ആണ് സെപ്തംബർ 28ന് ബംഗളൂരുവിലെ ചിക്കലസാന്ദ്രയിലെ വസതിയിൽ വിഷം കഴിച്ചനിലയിൽ കണ്ടെത്തിയത്. സുഹൃത്തുക്കൾ ഉടൻ ആശുപത്രിയിലെത്തിച്ചെങ്കിലും മരിക്കുകയായിരുന്നു.

ലൂവ്രർ മ്യൂസിയം കവർച്ച: മോഷ്ടാക്കൾ കാണാമറയത്ത്

പാരീസ്: ഫ്രാൻസിലെ വിശ്വപ്രസിദ്ധമായ ലൂവ്രർ മ്യൂസിയത്തിൽ നിന്ന് കോടികൾ വിലമതിക്കുന്ന അപൂർവ ആഭരണങ്ങൾ കവർന്ന മോഷ്ടാക്കളെ പിടികൂടാനാകാതെ പാരീസ് പൊലീസ്. രാജ്യത്തെമ്പാടുമുള്ള സുരക്ഷാ വീഴ്ചകൾ ചൂണ്ടിക്കാട്ടി വ്യാപക പ്രതിഷേധവും ഉയരുന്നു. രാജ്യത്തിന്റെ പൈതൃകം സംരക്ഷിക്കാൻ കഴിയാത്തത് അങ്ങേയറ്റം അപമാനകരമാണെന്ന് പ്രതിപക്ഷം ആരോപിച്ചു. ഇതിനിടെ, മ്യൂസിയത്തിലെ അപ്പോളോ ഗാലറിയിലെ ചില്ലുകൂട്ടിൽ തകർത്ത് അമൂല്യ ആഭരണങ്ങൾ കവർന്ന മോഷ്ടാവിന്റെ ദൃശ്യങ്ങൾ പുറത്തുവന്നു. മുഖംമൂടി ധരിച്ച് നിർമ്മാണത്തൊഴിലാളിയുടെ വേഷത്തിലാണ് മോഷ്ടാക്കൾ എത്തിയത്. 19-ാം നൂറ്റാണ്ടിൽ ഫ്രാൻസ് ഭരിച്ച നെപ്പോളിയൻ ബോണപാർട്ടിന്റെയും ഭാര്യ ജോസഫൈനിന്റെയും ആഭരണങ്ങൾ ഉൾക്കൊള്ളുന്നത് അടക്കം രണ്ട് ഡിസ്‌പ്ലേ കേസുകളിലെ ആഭരണങ്ങളാണ് കവർന്നത്. നെപ്പോളിയന്റെയും ജോസഫൈനിന്റെയും ആഭരണങ്ങൾ നഷ്ടമായില്ലെന്ന് സാംസ്കാരിക മന്ത്രാലയം ഇന്നലെ സ്ഥിരീകരിച്ചു. എന്നാൽ നെപ്പോളിയന്റെ രണ്ടാം ഭാര്യയുടെ ആഭരണങ്ങൾ മോഷ്ടിക്കപ്പെട്ടു. 9 ആഭരണങ്ങളാണ് ആകെ മോഷ്ടിക്കപ്പെട്ടത്. ഇതിൽ യൂജിനി രാജ്ഞിയുടെ (നെപ്പോളിയൻ മൂന്നാമന്റെ ഭാര്യ) കിരീടം മ്യൂസിയത്തിന്റെ അടുത്ത് ഉപേക്ഷിക്കപ്പെട്ട നിലയിൽ കണ്ടെത്തിയിരുന്നു. മ്യൂസിയം ഇന്നലെയും പൊതുജനങ്ങൾക്കായി തുറന്നില്ല.

ഒ.പി ബഹിഷ്കരിച്ച് മെഡി. കോളേജ് ഡോക്ടർമാർ

തിരുവനന്തപുരം: സർക്കാർ മെഡിക്കൽ കോളേജിലെ ഡോക്ടർമാർ ഒ.പി ബഹിഷ്കരിച്ച് പ്രതിഷേധിച്ചു. കേരള ഗവ. മെഡിക്കൽ കോളേജ് ടീച്ചേഴ്സ് അസോസിയേഷന്റെ (കെ.ജി.എം.സി.ടി.എ) നേതൃത്വത്തിൽ നടന്ന സമരത്തിൽ ഡോക്ടർമാർ ഒന്നടങ്കം പങ്കെടുത്തു. ഒ.പികളിൽ പി.ജി ഡോക്ടർമാരും രോഗികളെ പരിശോധിച്ചതിനാൽ ജനത്തെ സമരം സാരമായി ബാധിച്ചില്ല.

സൂപ്പർ സ്പെഷ്യാലിറ്റി ഉൾപ്പെടെയുള്ള മുഴുവൻ ഒ.പികളും ബഹിഷ്കരിച്ച ഡോക്ടർമാർ വിദ്യാർത്ഥികളുടെ ക്ലാസുകളിലും എത്തിയില്ല. അതേ സമയം, അത്യാഹിത വിഭാഗങ്ങൾ, ഐ.സി.യു, ഓപ്പറേഷൻ തിയേറ്റർ എന്നിവയുടെ പ്രവർത്തനത്തെ ബാധിച്ചില്ല.

സ്ഥലം മാറ്റത്തിലെയും ശമ്പള പരിഷ്കരണത്തിലെയും അപാകതകൾക്കെതിരെ മൂന്നുമാസത്തിലേറെയായി സമരം നടത്തിയിട്ടും സർക്കാർ നിഷേധാത്മക നിലപാട് തുടരുന്നു. പാവപ്പെട്ട രോഗികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന സമരത്തിലേക്ക് തങ്ങളെ തള്ളിവിട്ടതിന്റെ ഉത്തരവാദിത്വം സർക്കാരിനാണെന്ന് സംസ്ഥാന പ്രസിഡന്റ് ഡോ. റോസ്നാരാ ബീഗം.ടി.യും ജനറൽ സെക്രട്ടറി ഡോ. അരവിന്ദ്.സി.എസും പറഞ്ഞു.

ഭാവി പ്രതിഷേധ പരിപാടികൾ ഈമാസം 25ന് കോഴിക്കോട് മെഡിക്കൽ കോളേജിൽ ചേരുന്ന വാർഷിക സമ്മേളനത്തോടനുബന്ധിച്ചുള്ള പ്രതിനിധി സമ്മേളനത്തിൽ തീരുമാനിക്കും.

ഒരാഴ്ചയായി തിയറി ക്ലാസുകൾ ബഹിഷ്കരണത്തിലാണ് ഡോക്ടർമാർ. പുതിയ മെഡിക്കൽ കോളേജുകളിലേക്ക് താത്കാലിക സ്ഥലംമാറ്റം നടത്തി നാഷണൽ മെഡിക്കൽ കൗൺസിലിനെ കബളിപ്പിക്കാതെ പുതിയ തസ്തികകൾ സൃഷ്ടിച്ച് പി.എസ്.സി നിയമനവും പ്രൊമോഷനും നടത്തുക, പ്രവേശന തസ്തികയിലെ ശമ്പള പരിഷ്കരണ അപാകതകൾ പരിഹരിക്കുക, 2016 മുതലുള്ള ശമ്പള പരിഷ്കരണ കുടിശിക നൽകുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുള്ള സമരം ഒത്തുതീർപ്പായില്ലെങ്കിൽ ഒ.പി ബഹിഷ്കരണം തുടരും. ഈ മാസം 28, അടുത്ത മാസം 5,13,21, 29 തീയതികളിലാണ് ഒ.പി ബഹിഷ്കരണം പ്രഖ്യാപിച്ചിരിക്കുന്നത്.

സിദ്ധരാമയ്യയുടെ പരിപാടിയിൽ തിക്കും തിരക്കും: 11 പേർക്ക് പരിക്ക്

ബംഗളൂരു: കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യ പങ്കെടുത്ത പരിപാടിയിൽ തിക്കിലും തിരക്കിലും പെട്ട് 11 പേർക്ക് പരിക്ക്. ദക്ഷിണ കന്നടയിലെ പുത്തൂർ താലൂക്ക് സ്റ്റേഡിയത്തിൽ നടന്ന പരിപാടിയിലായിരുന്നു അപകടം. ആരുടെയും പരിക്ക് ഗുരുതരമല്ലെന്ന് അധികൃതർ അറിയിച്ചു. റായി എസ്റ്റേറ്റ് എജ്യൂക്കേഷണൽ ആൻഡ് ചാരിറ്റബിൾ ട്രസ്റ്റ് സംഘടിപ്പിച്ച 'അശോക ജന മന 2025' എന്ന പരിപാടിക്കിടെയാണ് അപകടമുണ്ടായത്. ഉച്ചയ്ക്ക് 12ഓടെ മുഖ്യമന്ത്രി ഉദ്ഘാടനത്തിന് എത്തുമെന്ന് അറിയിച്ചെങ്കിലും ഒരു മണിക്കൂർ വൈകിയാണ് എത്തിയത്. തുടർന്ന് വൈകിട്ട് 3ഓടെ പരിപാടി അവസാനിച്ചു.

അസീസിയ കൺവെൻഷൻ സെന്ററിൽ നവംബർ 9ന് രവീന്ദ്ര സംഗീതോത്സവം

കാക്കനാട്: പ്രശസ്ത സംഗീത സംവിധായകൻ രവീന്ദ്രൻ മാസ്റ്ററുടെ സ്മരണയ്ക്കായി രവീന്ദ്രൻ മ്യൂസിക്കൽ ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ പാടിവട്ടം അസീസിയ ഓഡിറ്റോറിയത്തിൽ വേൾഡ് മലയാളി ഫെഡറേഷന്റെ സഹകരണത്തോടെ അദ്ദേഹത്തിന്റെ ജന്മദിനമായ നവംബർ 9ന് പാടിവട്ടം അസീസിയ കൺവെൻഷൻ സെന്ററിൽ രാവിലെ 9 മുതൽ രാത്രി 9വരെ രവീന്ദ്ര സംഗീതോത്സവം നടത്തും. പ്രശസ്ത ഗായകരും സംഗീത സംവിധായകരും ചേർന്ന് രവീന്ദ്രൻമാസ്റ്ററുടെ ഗാനങ്ങൾ ആലപിക്കും. ശോഭനാ രവീന്ദ്രൻ, ടി.എസ്. രാധാകൃഷ്ണൻ, ഇഗ്നേഷ്യസ്, സാജൻ മാധവ്, ഭരത് മാധവ്, അബ്ദുൽ അസീസ്, ഗായകരായ സുധീപ് കുമാർ, അഫ്സൽ, ഗണേഷ് സുന്ദരം, മഞ്ജരി, ചിത്രാ അരുൺ, സംഗീത, കെ. കെ. നിഷാദ്, കലാഭവൻ സാബു, പ്രദീപ് പള്ളുരുത്തി, കിഷോർ വർമ്മ, വിഷ്ണു കൃഷ്ണൻ, രവിശങ്കർ തുടങ്ങിയവർ പങ്കെടുക്കും.

19ന് വൈകിട്ട് 5.30 മുതൽ രവീന്ദ്ര സംഗീത പുരസ്കാരവും സംഗീത സന്ധ്യയും അസീസിയ കൺവെൻഷൻ സെന്ററിൽ നടക്കും. രവീന്ദ്ര സംഗീത പുരസ്കാരം ഗായിക കെ. എസ്. ചിത്രയ്ക്ക് സമ്മാനിക്കും. രവീന്ദ്രൻ മാസ്റ്ററുടെ പത്നി ശോഭനാ രവീന്ദ്രനും കുടുംബവും സംബന്ധിക്കും. തുടർന്ന് പ്രമുഖ ഗായകർ പങ്കെടുക്കുന്ന സംഗീതസന്ധ്യ. പ്രവേശനത്തിന് പാസുണ്ട്. ഫോൺ : 7594952777.

അയഞ്ഞ് ഇസ്രയേൽ, ഗാസയിൽ ആശ്വാസം

വെടിനിറുത്തൽ പുനഃസ്ഥാപിച്ചു

ടെൽ അവീവ്: ഞായറാഴ്ച ഇസ്രയേൽ നടത്തിയ വ്യോമാക്രമണങ്ങളെ തുടർന്ന് ആടിയുലഞ്ഞ വെടിനിറുത്തൽ കരാർ പുനഃസ്ഥാപിക്കപ്പെട്ടതോടെ ഗാസയിൽ ആശ്വാസം. തെക്കൻ ഗാസയിലെ റാഫയിൽ ഹമാസ് ആക്രമണത്തിൽ രണ്ട് സൈനികർ കൊല്ലപ്പെട്ടതിനെ തുടർന്നാണ് ഇസ്രയേൽ വ്യോമാക്രമണം നടത്തിയത്. 46 പേർ കൊല്ലപ്പെട്ടിരുന്നു.

ഇതോടെ, ഗാസയിൽ യു.എസിന്റെ മദ്ധ്യസ്ഥതയിൽ പ്രാബല്യത്തിൽ വന്ന വെടിനിറുത്തൽ തകർന്നേക്കുമെന്ന് ഭീതി ഉയർന്നു. യു.എസും ഖത്തറും അടക്കം മദ്ധ്യസ്ഥരാജ്യങ്ങൾ നയതന്ത്രതലത്തിൽ നീക്കങ്ങൾ നടത്തിയതോടെ ഞായറാഴ്ച രാത്രി വൈകി ഇസ്രയേൽ ആക്രമണങ്ങൾ നിറുത്തി. ഗാസയിൽ വെടിനിറുത്തൽ തുടരുകയാണെന്ന് യു.എസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപും ഉറപ്പുനൽകി.

ട്രംപിന്റെ നിർദ്ദേശ പ്രകാരം അടിയന്തര ചർച്ചകൾക്കായി മരുമകൻ ജറേഡ് കുഷ്നറും മിഡിൽ ഈസ്റ്റ് പ്രതിനിധി സ്റ്റീവ് വിറ്റ്കോഫും ഇസ്രയേലിലെത്തി. യു.എസ് വൈസ് പ്രസിഡന്റ് ജെ.ഡി വാൻസ് ഇന്ന് ഇസ്രയേലിലെത്തും. വെടിനിറുത്തലിന്റെ രണ്ടാം ഘട്ടം നടപ്പാക്കുന്നത് വേഗത്തിലാക്കാനുള്ള ശ്രമവും തുടങ്ങി. ഹമാസിന്റെ ആക്ടിംഗ് മേധാവികളിൽ ഒരാളും പൊളിറ്റിക്കൽ ബ്യൂറോ ഉപതലവനുമായ ഖാലിൽ അൽ ഹയ്യ ചർച്ചകൾക്കായി ഈജിപ്റ്റിലെത്തി. ഗാസയുടെ ഭാവി ഭരണവും ഹമാസിന്റെ നിരായുധീകരണവും ഉൾക്കൊള്ളുന്നതാണ് രണ്ടാം ഘട്ടം.

ആയുധം ഉപേക്ഷിക്കാൻ ഹമാസ് സമ്മതിച്ചിട്ടില്ല. അതേസമയം, ഗാസയിലേക്കുള്ള സഹായ വിതരണം നിറുത്തിവച്ച നടപടി ഇസ്രയേൽ ഇന്നലെ പിൻവലിച്ചു. കരീം ഷാലോം, കിസുഫിം അതിർത്തികൾ വഴി ട്രക്കുകളെ കടത്തിവിട്ടു.

ഹമാസിന് മുന്നറിയിപ്പ്

ഗാസയിൽ തങ്ങളുടെ നിയന്ത്രണത്തിലുള്ള പ്രദേശത്തുണ്ടാകുന്ന ഏതൊരു കരാർ ലംഘനത്തിനും തിരിച്ചടി നൽകുമെന്ന് ഇസ്രയേൽ ഹമാസിനോട് ആവർത്തിച്ചു. മൂന്ന് പേർ ഇന്നലെ ഗാസ സിറ്റിയിൽ ഇസ്രയേലിന്റെ വെടിയേറ്റ് മരിച്ചു. ഇവർ നിയന്ത്രണ രേഖ മറികടന്നെന്നാണ് ഇസ്രയേലിന്റെ വിശദീകരണം. മിക്കയിടത്തും നിയന്ത്രണ രേഖ സൂചിപ്പിക്കുന്ന അടയാളങ്ങൾ ഇല്ലാത്തതിനാൽ സാധാരണക്കാർക്ക് ഈ മേഖല തിരിച്ചറിയാൻ കഴിയുന്നില്ല. ഇസ്രയേലും ഹമാസും പരസ്പരം വെടിനിറുത്തൽ ലംഘനങ്ങൾ ആരോപിക്കുന്നു.


ടാങ്കിൽ നിന്ന് ജലം ശേഖരിക്കുന്ന ഗാസയിലെ കുട്ടികൾ

നെതന്യാഹുവിനെതിരെ കാനഡ

ഇസ്രയേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു രാജ്യത്ത് പ്രവേശിച്ചാൽ അറസ്റ്റ് ചെയ്യേണ്ടിവരുമെന്ന് കനേഡിയൻ പ്രധാനമന്ത്രി മാർക്ക് കാർണി. ഗാസയിലെ യുദ്ധക്കുറ്റത്തിന്റെ പേരിൽ നെതന്യാഹുവിനെതിരെ അന്താരാഷ്ട്ര ക്രിമിനൽ കോടതി (ഐ.സി.സി) അറസ്റ്റ് വാറണ്ട് പുറപ്പെടുവിച്ചു. കോടതിയുമായി കരാറില്ലാത്തതിനാൽ ഇസ്രയേലിലും യു.എസ്, ഇന്ത്യ, ചൈന തുടങ്ങിയ രാജ്യങ്ങളിലും വാറണ്ടിന് പ്രസക്തിയില്ല.

97

വെടിനിറുത്തൽ പ്രാബല്യത്തിൽ വന്ന ഒക്. 10 മുതൽ ഇസ്രയേൽ ആക്രമണത്തിൽ കൊല്ലപ്പെട്ട പാലസ്തീനികൾ

രാഷ്ട്രപതി നാളെ ശബരിമലയിൽ

എം.ബിജുമോഹൻ

പത്തനംതിട്ട: ശബരിമല ദർശനത്തിന് രാഷ്ട്രപതി ദ്രൗപതി മുർമു നാളെയെത്തും. ഉച്ചയ്ക്ക് 12.30നും ഒരു മണിക്കും ഇടയ്ക്കാണ് ദർശന സമയം. തിരുവനന്തപുരം വിമാനത്താവളത്തിൽ നിന്ന് നിലയ്ക്കലിൽ ഹെലികോപ്ടറിൽ ഇറങ്ങി കാർ മാർഗം പമ്പയിലെത്തും. പമ്പ ഗണപതി ക്ഷേത്രത്തിൽ കെട്ടുനിറയ്ക്കും. രാഷ്ട്രപതിയുടെ സംഘത്തിൽ ആറ് പേർ ഉണ്ടെന്നാണ് അറിയുന്നത്. പമ്പയിൽ നിന്ന് രാഷ്ട്രപതിയെ ദേവസ്വം ബോർഡിന്റെ ഗൂർഖാ ജീപ്പിൽ സന്നിധാനത്ത് എത്തിക്കും. കുറച്ചുദൂരം നടക്കണമെന്ന് രാഷ്ട്രപതി പറഞ്ഞാൽ അതിനുള്ള സുരക്ഷാ ക്രമീകരണങ്ങളും സജ്ജമായി. വാഹനം ഒഴിവാക്കണമെങ്കിൽ അഞ്ച് ഡോളിയും തയ്യാർ.

ദേവസ്വം വകുപ്പ് മന്ത്രി വി.എൻ. വാസവൻ, ബോർഡ് പ്രസിഡന്റ് പി.എസ്. പ്രശാന്ത്, ബോർഡ് അംഗങ്ങൾ എന്നിവർ സന്നിധാനത്ത് സ്വീകരിക്കും. ദർശനത്തിന് ശേഷം രാഷ്ട്രപതി സന്നിധാനം ദേവസ്വം റസ്റ്റ് ഹൗസിൽ വിശ്രമിക്കും. ഉച്ചഭക്ഷണം കഴിഞ്ഞ് മൂന്ന് മണിയോടെ പമ്പയിലേക്ക് മടങ്ങും. രാഷ്ട്രപതിയുമായി വൈകിട്ട് നാലരയോടെ ഹെലികോപ്ടർ നിലയ്ക്കലിൽ നിന്ന് മടങ്ങും.

ഗൂർഖാ ജീപ്പും അകമ്പടി വാഹനങ്ങളും ആംബുലൻസുകളും ഇതിനകം നാല് തവണ പമ്പയിൽ നിന്ന് സ്വാമി അയ്യപ്പൻ റോഡ് വഴി സന്നിധാനത്തേക്ക് ട്രയൽ റൺ നടത്തി. പമ്പ മുതൽ സന്നിധാനം വരെയുള്ള സുരക്ഷ കേന്ദ്രസേന ഏറ്റെടുത്തു. ഇന്ന് എൻ.എസ്.ജി സംഘം രാഷ്ട്രപതിയുടെ യാത്രയുടെ റിഹേഴ്സൽ നടത്തും.

ഭക്തർക്ക് പ്രവേശനമില്ല

നാളത്തെ ശബരിമല ദർശനത്തിനുള്ള വെർച്വൽ ക്യൂ ബുക്കിംഗ് റദ്ദാക്കിയിരുന്നു. രാഷ്ട്രപതി നാളെ വൈകിട്ട് നിലയ്ക്കലിൽ നിന്ന് മടങ്ങിയ ശേഷമേ പമ്പയിലേക്കും സന്നിധാനത്തേക്കും ആളുകളെ കടത്തിവിടൂ. ഇന്ന് രാത്രി നട അടയ്ക്കുന്നതോടെ കടകൾ അടച്ച് സന്നിധാനത്തും പമ്പയിൽ നിന്ന് ഒഴിഞ്ഞു പോകണമെന്ന് ഉടമകൾക്ക് പൊലീസ് നോട്ടീസ് നൽകി.

നിലയ്ക്കൽ മുതൽ പമ്പവരെയുള്ള കടകൾ തുറക്കരുതെന്ന് നിർദ്ദേശമുണ്ട്. നിലയ്ക്കൽ - പമ്പ റൂട്ടിൽ പൊലീസ് വാഹനങ്ങളുടെ പട്രോളിംഗുണ്ടാകും. രാഷ്ട്രപതിയുടെ ശബരിമല സന്ദർശനം റിപ്പോർട്ട് ചെയ്യാൻ മാദ്ധ്യമങ്ങൾക്ക് അനുവാദമില്ല.